(ബി) ഇതനുസരിച്ച് എത്ര അപേക്ഷകൾ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസിൽ ലഭിച്ചു ;

(സി) ഇതിൽ ഏതെല്ലാം സ്കൂളിന് എത്ര രൂപ വീതം സഹായം നൽകിയെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) ബാധകമല്ല.

സർക്കാർ എയ്ഡഡ് മേഖലയിൽ അവസാനമായി അനുവദിച്ച സ്കൂളുകൾ

23 (3769) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സർക്കാർ എയ്ഡഡ് മേഖലയിൽ അവസാനമായി എന്നാണ് സ്കൂളുകൾ അനുവദിച്ചത് ;

(ബി) അന്ന് ഏതെല്ലാം സ്ഥാപനങ്ങൾ എവിടെയെല്ലാമാണ് ആരംഭിച്ചതെന്ന് വ്യക്തമാക്കാമോ ;

(സി) സർക്കാർ-എയ്ഡഡ് മേഖലയിൽ പുതിയ വിദ്യാലയങ്ങൾ തുടങ്ങുന്നത് സംബന്ധിച്ച് സർക്കാർ നയം വ്യക്തമാക്കുമോ ;

(ഡി) സാമൂഹ്യപരമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങളിൽ മറ്റു പൊതുവിദ്യാലയങ്ങൾ ഒന്നുമില്ലെങ്കിൽ പുതിയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ സർക്കാർ എയ്ഡഡ് മേഖലയിൽ അനുവദിക്കാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) 2007-08, 2008-09 അദ്ധ്യായനവർഷങ്ങളിലാണ് സംസ്ഥാനത്ത് അവസാനമായി സ്കൂളുകൾ അനുവദിച്ചത്. ഹയർ സെക്കണ്ടറി വിഭാഗത്തിൽ എയ്ഡഡ് മേഖലയിൽ 2007-ലും വൊക്കേഷണൽ ഹയർ സെക്കണ്ടറി മേഖലയിൽ 2007-08 വർഷത്തിലും എയ്ഡഡ് മേഖലയിൽ 2000-01 വർഷത്തിലുമാണ് അവസാനമായി സ്കൂളുകൾ അനുവദിച്ചത്.

(ബി) ഹൈസ്കൂൾ

ഗവ. ഹൈസ്കൂൾ, മുതുവല്ലൂർ, മലപ്പുറം ജില്ല.

ഗവ. ഇ.എം.എസ്.എച്ച്.എസ്. പെരുമണ്ണ, കോഴിക്കോട് ജില്ല.

ഗവ. എച്ച്.എസ്.എസ്. പടിയൂർ, കണ്ണൂർ.

LIBRARY ARCHIVES Kerala Legislative Assembly

ഹയർസെക്കണ്ടറി

എ.വി.എച്ച്.എസ്.എസ്.

കുറിച്ചി

വൊക്കേഷണൽ ഹയർസെക്കണ്ടറി

സർക്കാർ മേഖലയിൽ അനുവദിച്ച സ്ഥലങ്ങൾ ചുവടെ ചേർക്കുന്നു :

1. മീപ്രി, കാസർഗോഡ് ജില്ല
2. മടിക്കൈ, കാസർഗോഡ് ജില്ല
3. അമ്പലത്തറ, കാസർഗോഡ് ജില്ല
4. ദേലംപാടി, കാസർഗോഡ് ജില്ല
5. കാഞ്ഞങ്ങാട്, കാസർഗോഡ് ജില്ല
6. കുനിയ, പെരിയ കാസർഗോഡ് ജില്ല
7. നെരുവമ്പ്രം, കണ്ണൂർ ജില്ല
8. പുളിങ്ങോം, കണ്ണൂർ ജില്ല
9. കാർത്തികപുരം, കണ്ണൂർ ജില്ല
10. വാകേരി, സുൽത്താൻബത്തേരി, വയനാട് ജില്ല
11. വെള്ളാർമല, വയനാട് ജില്ല
12. കരിങ്കുറ്റി, വയനാട് ജില്ല
13. കുറ്റിപ്പുറം, മലപ്പുറം ജില്ല
14. ഒറ്റപ്പാലം, പാലക്കാട് ജില്ല

എയ്ഡഡ് മേഖലയിൽ അനുവദിച്ച സ്കൂളുകൾ ചുവടെ ചേർക്കുന്നു :

1. നേമം, തിരുവനന്തപുരം ജില്ല
2. നെടുമങ്ങാട്, തിരുവനന്തപുരം ജില്ല
3. കിളിമാനൂർ, തിരുവനന്തപുരം ജില്ല
4. പവിത്രേശ്വരം, കൊല്ലം ജില്ല
5. കുമ്പളം, കൊല്ലം ജില്ല
6. വയണകം, കൊല്ലം ജില്ല
7. വാളക്കോട്, കൊല്ലം ജില്ല

LIBRARY ARCHIVES Kerala Legislative Assembly

8. തൃക്കണ്ണമംഗൽ, കൊല്ലം ജില്ല
9. കുറ്റിച്ചിറ, ആലപ്പുഴ ജില്ല
10. ചത്തിയറ, ആലപ്പുഴ ജില്ല
11. കോന്നി, പത്തനംതിട്ട ജില്ല
12. പന്നിവിഴ, പത്തനംതിട്ട ജില്ല
13. ആറ്റച്ചക്കൽ, പത്തനംതിട്ട ജില്ല
14. കാഞ്ഞീറ്റുകര, പത്തനംതിട്ട ജില്ല
15. തിരുവല്ല, പത്തനംതിട്ട ജില്ല
16. വയ്യാറ്റുപുഴ, പത്തനംതിട്ട ജില്ല
17. കുന്നം, പത്തനംതിട്ട ജില്ല
18. കുറുപ്പന്തറ, കോട്ടയം ജില്ല
19. കൈപ്പുഴ, കോട്ടയം ജില്ല
20. ബ്രഹ്മമംഗലം, കോട്ടയം ജില്ല
21. കുമാരനല്ലൂർ, കോട്ടയം ജില്ല
22. ചിറക്കടവ്, കോട്ടയം ജില്ല
23. വെളിയമറ്റം, ഇടുക്കി
24. സേനാപതി, ഇടുക്കി
25. വെങ്ങോല, എറണാകുളം
26. വാളകം, എറണാകുളം
27. ഇരിമ്പനം, എറണാകുളം
28. കാട്ടൂർ, തൃശ്ശൂർ
29. പെരിമ്പിലാവ്, തൃശ്ശൂർ
30. ആര്യംപാടം, തൃശ്ശൂർ
31. പറശ്ശിക്കൽ, പാലക്കാട് ജില്ല
32. വാറോട്, പാലക്കാട് ജില്ല
33. ചാപ്പനങ്ങാടി, മലപ്പുറം ജില്ല
34. പാലേമാട്, മലപ്പുറം ജില്ല
35. പേരാമ്പ്ര, കോഴിക്കോട് ജില്ല
36. വെളിയമ്പ്രം, വയനാട് ജില്ല

LIBRARY ARCHIVES Kerala Legislative Assembly

(സി&ഡി) സംസ്ഥാനത്ത് സാധാരണഗതിയിൽ സർക്കാർ എയ്ഡഡ് മേഖലയിൽ പുതിയ സ്കൂളുകൾ അനുവദിക്കുകയോ നിലവിലുള്ളവ അപ്ഗ്രേഡ് ചെയ്യുകയോ വേണ്ടതില്ല എന്ന നയമാണ് സർക്കാർ കൈക്കൊണ്ടിട്ടുള്ളത്. തൃശ്ശൂർ ജില്ലയിലെയും മലബാർ മേഖലയിലെയും സർക്കാർ/എയ്ഡഡ്/അൺഎയ്ഡഡ് ഹൈസ്കൂളുകളിൽ നിന്നും ഈ അക്കാദമിക വർഷം പ്ളസ് ടു കോഴ്സ് അനുവദിക്കുന്നതിനായി അപേക്ഷ ക്ഷണിച്ചു കൊണ്ട് ഹയർ സെക്കണ്ടറി ഡയറക്ടർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ഇടുക്കി ജില്ലയിലെ തമിഴ് ഭാഷാ ന്യൂനപക്ഷ പ്രദേശങ്ങളിലെ സർക്കാർ ഹൈസ്കൂളുകളിൽ ഹയർ സെക്കന്ററി കോഴ്സ് അനുവദിക്കുന്നതിനും അപേക്ഷ ക്ഷണിച്ചിട്ടുണ്ട്.

സർക്കാർ/എയ്ഡഡ് വിദ്യാലയങ്ങളിലെ വിദ്യാർത്ഥികളുടെ കുറവ്

24 (3770) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് വിദ്യാലയങ്ങളിൽ ഈ അദ്ധ്യയന വർഷം ഒന്നാംതരത്തിൽ എത്ര കുട്ടികൾക്കാണ് പ്രവേശനം നൽകിയത് ;

(ബി) ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ ;

(സി) കഴിഞ്ഞ വർഷത്തേക്കാൾ എത്ര കുട്ടികളുടെ കുറവാണ് അഡ്മിഷനിൽ രേഖപ്പെടുത്തിയിട്ടുള്ളത് ;

(ഡി) കുട്ടികളുടെ കുറവുമൂലം എത്ര അദ്ധ്യാപകർക്ക് ജോലി നഷ്ടപ്പെടും എന്ന് ജില്ല തിരിച്ച് കണക്കുകൾ ലഭ്യമാക്കുമോ ;

(ഇ) കുട്ടികളുടെ എണ്ണത്തിലുള്ള കുറവ് കാരണം അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം കുറയ്ക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) 296173 കുട്ടികൾക്ക്.

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) 19544 കുട്ടികളുടെ.

(ഡി) 2010-11 അദ്ധ്യയന വർഷത്തെ സ്റ്റാഫ് ഫിക്സേഷൻ കഴിഞ്ഞാൽ മാത്രമേ ഇതു സംബന്ധിച്ച വിവരം ലഭ്യമാകുകയുള്ളു.

(ഇ) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly